**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1242** **07-02-2023 - ൽ മറുപടിയ്ക്ക്**

**കൊടിനട - കളിയിക്കാവിള റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊടിനട മുതൽ കളിയിക്കാവിള വരെയുള്ള റോഡ് വികസനം സംബന്ധിച്ച പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (എ) | കരമന കളിയിക്കാവിള റോഡ് വികസനത്തിൻറെ രണ്ടാം ഘട്ടമായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള പ്രവൃത്തിയ്ക്ക് 13.10.2016 -ൽ ഭരണാനുമതി നൽകിയിരുന്നതും, 08.05.2017-ൽ കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ചതുമാണ്. പ്രവൃത്തിയുടെ പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള ഭാഗം 30.03.2021 തീയതിയിൽ പൂർത്തീകരിച്ചു.<br>കൊടിനട മുതൽ വഴിമുക്ക് വരെയുള്ള (ബാലരാമപുരം അണ്ടർ പാസ് ഉൾപ്പടെ) ഭാഗത്തിൻറെ DPR, PWD ഡിസൈൻ വിഭാഗം തയ്യാറാക്കി, അധിക സാമ്പത്തിക അനുമതിയ്ക്കായി 05.01.2023 ന് കിഫ്ബിയിൽ സമർപ്പിച്ചു. വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തെ റോഡ് വികസനം 2021 - 2022 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിന് തത്വത്തിലുള്ള ഭരണാനുമതിക്കുള്ള അപേക്ഷ സർക്കാരിൻറെ പരിഗണനയിലാണ്. പ്രവൃത്തിയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുപ്പിനുള്ള 590 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പ്ലാൻ സാമ്പത്തിക അനുമതിയ്ക്കായി 02.02.2023 -ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ബാലരാമപുരം ജംഗ്ഷൻ വികസനത്തിനായി ഏതു രീതിയിലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ? | (ബി) | ബാലരാമപുരം ജംഗ്ഷൻ വികസനം അണ്ടർ പാസായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ DPR സാമ്പത്തിക അനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു. കരമന കളയിക്കാവിള പദ്ധതിയുടെ നിലവിൽ നടന്നു വരുന്ന ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 2023 മാർച്ച് മാസത്തിനകം 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണെന്ന് റവന്യൂ വകുപ്പിൽ നിന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ